# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2898 — 20/12/2012 ൽ മറുപടിക്ക്

## സ്കൂളുകളിലെ കമ്പ്യൂട്ടർ പരിശീലന സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എൽ.പി., യു.പി., എച്ച്.എസ്.കളിൽ ഐ.ടി/കമ്പ്യൂട്ടർ വിഷയം പഠിപ്പിക്കുന്നതിന് പ്രത്യേക അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ പരിശീലനം നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | എ) സംസ്ഥാനത്തെ എൽ.പി./യു.പി., എച്ച്.എസുകളിൽ ഐ.ടി/കമ്പ്യൂട്ടർ വിഷയം പഠിപ്പിക്കുന്നതിന് പ്രത്യേക അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഐ.ടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രയിനർമാരുടെ നേതൃത്വത്തിൽ നിലവിലുള്ള അധ്യാപകർക്ക് നിരന്തര കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നു. ഇപ്രകാരം കമ്പ്യൂട്ടർ പരിശീലനം ലഭിച്ച അധ്യാപകരാണ് സ്കൂളുകളിൽ ഐ.ടി/കമ്പ്യൂട്ടർ വിഷയം പഠിപ്പിക്കുന്നത്. |
| ബി) കമ്പ്യൂട്ടർ പരിശീലനം നൽകാൻ സ്കൂളുകളിൽ താല്കാലികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ നിയമന രീതി, യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) കമ്പ്യൂട്ടർ പരിശീലനം നൽകാൻ സ്കൂളുകളിൽ താല്ക്കാലികമായി ജീവനക്കാരെ ആരെയും നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ